# 121/2017 - M

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല, അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

## 121/2017 - M

1. താഴെപ്പറയുന്നവയിൽ ഏത് രോഗമാണ് MMR പ്രതിരോധ കുത്തിവെയ്പ്പിൽ ഉൾപ്പെടാത്തത് ?
   (A) അഞ്ചാംപനി (B) വില്ലൻചുമ (C) മുണ്ടിനീര് (D) റൂബെല്ല

2. എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയ്ക്ക് അവശ്യം വേണ്ടുന്ന ഒരു മൂലകമാണ് :
   (A) കാർബൺ (B) മഗ്നീഷ്യം (C) സോഡിയം (D) കാൽസ്യം

3. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം :
   (A) സമഗ്രവികസനം (B) ഔപചാരിക വിദ്യാഭ്യാസം
   (C) തൊഴിൽ സമ്പാദനം (D) സാങ്കേതിക വിദ്യനേടൽ

4. വ്യവഹാര മനഃശാസ്ത്രവുമായി ബന്ധപ്പെട്ട മനഃശാസ്ത്രജ്ഞനാണ് :
   (A) ആൽഫ്രഡ് ബിനെ (B) സ്പിയർമാൻ
   (C) J.B. വാട്സൺ (D) വെഷ്ലർ

5. DOT എന്ന ആധുനിക ചികിൽസാ രീതി താഴെപ്പറയുന്ന ഏത് രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) കുഷ്ഠം (B) ആസ്മ (C) ക്ഷയം (D) മലമ്പനി

6. ജീൻ പിയാഷെയുടെ വൈജ്ഞാനിക വികാസ ഘട്ടങ്ങളിൽ ഏതു ഘട്ടത്തിലുള്ള കുട്ടിയാണ് പ്രീ-സ്കൂൾ കുട്ടിയായി കണക്കാക്കപ്പെടുന്നത് ?
   (A) മനോവ്യാപാര പൂർവ്വ ചിന്തനം (B) ഇന്ദ്രിയ ചാലകഘട്ടം
   (C) രൂപാത്മക വ്യാപാര ചിന്തനം (D) ഔപചാരിക ചിന്തന ഘട്ടം

7. താഴെപ്പറയുന്നവരിൽ ഗ്രീക്ക് കാലഘട്ടത്തിലെ ദാർശനികൻ അല്ലാത്ത വ്യക്തി :
   (A) സോക്രട്ടീസ് (B) പെസ്റ്റലോസി (C) പ്ലേറ്റോ (D) അരിസ്റ്റോട്ടിൽ

8. സാധാരണ മാനസിക വളർച്ചയുള്ള ഒരു കുട്ടിയുടെ ഐ.ക്യു (ബുദ്ധിമാനം) എത്രയായിരിക്കും?
   (A) 30 - 50 (B) 35 - 65 (C) 60 - 70 (D) 90 - 110

9. ആരോഗ്യമുള്ള ഒരു കുഞ്ഞിന്റെ രക്തത്തിലെ ഹീമോഗ്ലോബിന്റെ ശരാശരി അളവ് എത്ര ?
   (A) 9 - 11 gm/dL (B) 11 - 13 gm/dL (C) 7 - 9 gm/dL (D) 14 - 16 gm/dL

10. താഴെപ്പറയുന്നവയിൽ ഒരു മനഃശാസ്ത്രജ്ഞന്റെ സിദ്ധാന്തങ്ങൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. ആരുടെ സിദ്ധാന്തമാണ് അത് ?

(A) പാവ്ലോവ് (B) ബ്രൂണർ

(C) വൈഗോഡ്സ്കി (D) പിയാഷെ

11. താഴെപ്പറയുന്നവയിൽ കുട്ടിയുടെ പഠനത്തെ സ്വാധീനിക്കുന്ന ഘടകമാണ് :

(A) ശ്രദ്ധ (B) ഉത്കണ്ഠ

(C) അഭിപ്രേരണ (D) ഇവ എല്ലാം ആണ്

12. സസ്യങ്ങൾ സ്വയം ആഹാരം പാകം ചെയ്യുന്ന പ്രക്രിയക്ക് പറയുന്ന പേര് :

(A) വികിരണം (B) പ്രകാശസംശ്ലേഷണം

(C) സംവഹനം (D) വികിരണം

13. ചെറുനാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡ് :

(A) സിട്രിക് ആസിഡ് (B) ഓക്സാലിക് ആസിഡ്

(C) ഹൈഡ്രോക്ലോറിക് ആസിഡ് (D) നൈട്രിക് ആസിഡ്

14. 'തോണ്ടെയ്ക്ക്' എന്ന മനഃശാസ്ത്രജ്ഞന്റെ നിരവധി പഠനനിയമങ്ങൾ ക്ലാസ്സ് റൂം പഠന പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നുണ്ട്. താഴെപ്പറയുന്നവയിൽ തോണ്ടെയ്ക്കിന്റെ പഠന നിയമത്തിൽ ഉൾപ്പെടാത്ത നിയമം ഏത് ?

(A) ഫലനിയമം (B) സന്നദ്ധതാനിയമം

(C) ശ്രേണീപഠന നിയമം (D) അഭ്യാസ നിയമം

15. താഴെപ്പറയുന്നവയിൽ നാഡീമനഃശാസ്ത്ര ശാഖയിൽ ഉൾപ്പെടുന്ന അവയവമാണ് :

(A) ഹൃദയം (B) മസ്തിഷ്കം (C) വൃക്ക (D) കരൾ

16. താഴെപ്പറയുന്ന പഠന സമ്പ്രദായങ്ങളിൽ സാമൂഹ്യജ്ഞാനനിർമ്മിതിവാദം പ്രതിപാദിക്കാത്ത പഠന രീതി ഏത് ?

(A) കണ്ടെത്തൽ പഠനം (B) സംവാദാത്മകപഠനം

(C) സഹവർത്തിതപഠനം (D) ചോദന പ്രതികരണപഠനം

17. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള ആക്ട് :

(A) പി ഡബ്ല്യു ഡി ആക്ട് (B) R. റൗലത്ത് ആക്ട്

(C) ചൈൽഡ് ലേബർ ആക്ട് (D) പോക്സോ ആക്ട്

18. പോഷകാഹാരക്കുറവ് മൂലം കുട്ടികൾക്കുണ്ടാവുന്ന അനീമിയ എന്ന രോഗത്തിന് കാരണം രക്തത്തിലെ ഏത് ഘടകത്തിന്റെ കുറവ് ആണ് ?
(A) സിങ്ക് (B) ഇരുമ്പ് (C) മഗ്നീഷ്യം (D) കോപ്പർ

19. പയറു വർഗ്ഗങ്ങളിൽ ധാരാളമായി അടങ്ങിയിരിക്കുന്ന ആഹാര ഘടകമാണ് :
(A) മാംസ്യം (B) കൊഴുപ്പ് (C) അന്നജം (D) ധാതുലവണങ്ങൾ

20. മനസ്സിന്റെ വിവിധ തലങ്ങളായ ബോധതലം, അബോധതലം എന്നിവയെപ്പറ്റി പറഞ്ഞ മനഃശാസ്ത്രജ്ഞൻ ആര് ?
(A) J.B. വാട്സൺ (B) സിഗ്മണ്ട് ഫ്രോയ്ഡ്
(C) ആൽഫ്രഡ് ബിനെ (D) തേഴ്സ്റ്റൺ

21. വൈറ്റമിൻ C ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള ഫലമാണ് :
(A) പേരയ്ക്ക (B) ആപ്പിൾ (C) മുന്തിരി (D) നെല്ലിക്ക

22. നിശാന്ധത എന്ന രോഗത്തിന് കാരണം :
(A) വൈറ്റമിൻ A (B) വൈറ്റമിൻ C (C) വൈറ്റമിൻ D (D) വൈറ്റമിൻ B

23. വായുവിൽ കൂടി പകരുന്ന ഒരു വൈറസ് രോഗമാണ് :
(A) ഹെപ്പറ്റൈറ്റിസ് B (B) ഇൻഫ്ളുവൻസ
(C) വയറിളക്കം (D) വിരശല്യം

24. 'ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം' എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?
(A) കലാകാരികൾക്കുള്ള വിദ്യാഭ്യാസം
(B) ഒരു പ്രത്യേക വിഷയത്തിലുള്ള പഠനം
(C) ശാരീരിക മാനസിക വെല്ലുവിളികൾ ഉള്ളവരെ സാധാരണ സ്കൂളിൽ പഠിപ്പിക്കുന്നത്
(D) വയോജനങ്ങൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസം

25. ടാഗോർ സ്ഥാപിച്ച പ്രശസ്തമായ വിദ്യാലയത്തിന്റെ പേര് :
(A) ഹരിതവിദ്യാലയം (B) ശാന്തി നികേതൻ
(C) ആത്മനിലയം (D) വേദനിലയം

26. പ്രാദേശിക പാഠ്യ പദ്ധതി എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് :
(A) ഇംഗ്ലീഷ് ഭാഷാ പഠനം
(B) ശാസ്ത്ര പഠനം
(C) കുട്ടിയുടെ പരിചിത ചുറ്റുപാടിൽ നിന്നുള്ള പഠനം
(D) ഗണിതപഠനം

27. പഠനത്തിൽ കൈത്തൊഴിലുകൾക്ക് പ്രാധാന്യം നൽകിയ മഹാൻ ആര് ?

(A) സുഭാഷ് ചന്ദ്രബോസ് (B) ഗാന്ധിജി

(C) ജവഹർലാൽ നെഹ്റു (D) വിവേകാനന്ദൻ

28. സ്വാമി വിവേകാനന്ദന്റെ ജന്മദിനം ദേശീയ യുവജന ദിനമായി ആചരിക്കുന്നു. ഏതാണ് ആ ദിനം ?

(A) ആഗസ്റ്റ് 20 (B) ഫെബ്രുവരി 28 (C) ഡിസംബർ 4 (D) ജനുവരി 12

29. മാംസ്യത്തിന്റെ കുറവ് മൂലം ശിശുക്കളിൽ ഉണ്ടാകുന്ന ഒരു രോഗമാണ് :

(A) മരാസ്മസ് (B) വിളർച്ച

(C) വയറിളക്കം (D) ടൈഫോയ്ഡ്

30. നവജാത ശിശുക്കളെക്കുറിച്ചുള്ള പഠനമാണ് :

(A) എൻഡമോളജി (B) നെഫ്രോളജി

(C) നിയോനേറ്റോളജി (D) യൂറോളജി

31. ഈഡിപ്സ് ഈജിപ്റ്റ താഴെപ്പറയുന്ന ഏത് വിഭാഗത്തിലുള്ള ജീവിയുടെ ശാസ്ത്രനാമം ആണ് ?

(A) ചിത്ര ശലഭം (B) ഈച്ച (C) പന്നി (D) കൊതുക്

32. തലച്ചോറിനെ പൊതിയുന്ന പാടകൾക്ക് ഉണ്ടാകുന്ന രോഗാണുബാധ :

(A) മെനിൻജൈറ്റിസ് (B) കാവാസാക്കി

(C) ന്യുമോണിയ (D) സെപ്റ്റിസീമിയ

33. അച്ചാറുകൾ കേടുവരാതെ സൂക്ഷിക്കുന്ന വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?

(A) ഫോർമിക് ആസിഡ് (B) അസെറ്റിക് ആസിഡ്

(C) ഹൈഡ്രോക്ലോറിക് ആസിഡ് (D) ഓക്സാലിക് ആസിഡ്

34. ഏറ്റവും കൂടുതൽ നദികൾ ഉള്ള കേരളത്തിലെ ഒരു ജില്ലയാണ് :

(A) കൊല്ലം (B) കോട്ടയം (C) വയനാട് (D) കാസർഗോഡ്

35. താഴെപ്പറയുന്ന ഏത് വിദ്യാഭ്യാസമാണ് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള വിദ്യാഭ്യാസം ?

(A) സംയോജിത വിദ്യാഭ്യാസം (B) സംയുക്ത വിദ്യാഭ്യാസം

(C) സാങ്കേതിക വിദ്യാഭ്യാസം (D) കായിക വിദ്യാഭ്യാസം

36. വ്യക്തി വ്യത്യാസത്തിന് കാരണമാകുന്ന ഒരു ആന്തരികഘടകമാണ് :
(A) സാമ്പത്തികം (B) ബുദ്ധി (C) കാലാവസ്ഥ (D) സ്കൂൾ

37. പിയാഷെയുടെ വൈജ്ഞാനികവികാസ തത്വവുമായി ബന്ധപ്പെട്ടുള്ളതിൽ തെറ്റായ പ്രസ്താവന താഴെപ്പറയുന്നവയിൽ നിന്ന് കണ്ടെത്തുക.
(A) കുട്ടി ഒഴിഞ്ഞ പാത്രമാണ്
(B) കുട്ടി അറിവിന്റെ നിർമ്മാതാവാണ്
(C) കുട്ടി ഏകാകിയായ ഗവേഷകനാണ്
(D) അനുഭവങ്ങളിലൂടെയാണ് അറിവ് സൃഷ്ടിക്കുന്നത്

38. കുട്ടിയുടെ സർഗ്ഗാത്മകത വളർത്തുന്നതിന് ക്ലാസ്സ്റൂമിൽ നൽകാവുന്ന പ്രവർത്തനമാണ് :
(A) വ്യായാമം (B) കളികൾ (C) വായന (D) ചിത്രംവര

39. നേടിയ അറിവിൽ നിന്നും നിരന്തരം അറിവുകൾ കൂട്ടിച്ചേർത്ത് അറിവിന്റെ മണ്ഡലം വികസിപ്പിക്കുന്ന രീതിയാണ് :
(A) സഞ്ചിത രേഖാരീതി (B) പരീക്ഷണ രീതി
(C) ചാക്രികാരോഹണ രീതി (D) രേഖീയരീതി

40. താഴെപ്പറയുന്നവയിൽ സമായോജന തന്ത്രം അല്ലാത്തത് ഏത് ?
(A) ദമനം (B) പ്രക്ഷേപണം (C) ഉദാത്തീകരണം (D) നിഗമനം

41. ഒരു പ്രീ-സ്കൂൾ കുഞ്ഞിന് ഒരു പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ശ്രദ്ധ എത്ര സമയം ആ കാര്യത്തിൽ നിലനിൽക്കും ?
(A) 30 മിനിറ്റ് (B) 25 മിനിറ്റ് (C) 10 മിനിറ്റ് (D) 15–20 മിനിറ്റ്

42. മനോവ്യാപാര പൂർവ്വ ചിന്തന ഘട്ടത്തിലെ പ്രീ-സ്കൂൾ കുഞ്ഞിന്റെ പ്രകൃതം അല്ലാത്തത് ഏത് ?
(A) അഹംകേന്ദ്രിത ചിന്തനം
(B) ദിശാബോധം ഇല്ല
(C) പ്രത്യക്ഷാനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കാണുന്നു
(D) പ്രത്യാവർത്തനത്തിന് കഴിവ് ഉണ്ട്

43. ചെറിയ ക്ലാസ്സുകളിൽ വിഷയങ്ങൾ വേർതിരിച്ച് പഠിപ്പിക്കാതെ ഒന്നിനോട് ഒന്ന് ബന്ധപ്പെടുത്തി പഠിപ്പിക്കുന്ന സമീപനമാണ് :
(A) ഉദ്ഗ്രഥിത സമീപനം (B) ഗണിത സമീപനം
(C) ശാസ്ത്ര സമീപനം (D) പരിസര സമീപനം

44. താഴെപ്പറയുന്നവയിൽ പ്രീ-സ്കൂൾ കുഞ്ഞിന്റെ പ്രകൃതം അല്ലാത്തത് ഏത് ?
(A) ചിരി (B) കരച്ചിൽ (C) വാശി (D) ചിന്ത

45. കുഞ്ഞുങ്ങൾക്ക് നൽകാൻ കഴിയുന്ന 'കാൽസ്യം' സമ്പൂർണ്ണമായ ആഹാരമാണ് :
(A) കഞ്ഞി (B) പാൽ (C) ഇഡ്ഢലി (D) ഉരുളക്കിഴങ്ങ്

46. കുട്ടിയ്ക്ക് പഠനത്തിൽ സ്വന്തമായി എത്തിച്ചേരാൻ കഴിയുന്ന നിലയ്ക്കും മറ്റുള്ളവരുടെ സഹായത്താൽ എത്തിച്ചേരാൻ പറ്റുന്ന ഉയർന്ന നിലയ്ക്കും ഇടയ്ക്കുള്ള മണ്ഡലത്തിന് പറയുന്ന പേര് :
(A) ബുദ്ധിമണ്ഡലം (B) വൈജ്ഞാനിക മണ്ഡലം
(C) സമീപസ്ഥ വികസന മണ്ഡലം (D) ജീവ മണ്ഡലം

47. ഒരു ക്ലാസ്സിലെ മികച്ച കുട്ടി, ഒറ്റപ്പെട്ട കുട്ടി തുടങ്ങിയവ കണ്ടുപിടിക്കുന്നതിന് അധ്യാപകർ നടത്തുന്ന മനഃശാസ്ത്ര പഠനരീതിയാണ് :
(A) സാമൂഹ്യാലേഖനരീതി (B) ഉപാഖ്യാനരീതി
(C) നിരീക്ഷണരീതി (D) സഞ്ചിതരേഖാരീതി

48. താഴെപ്പറയുന്നവയിൽ ഒരു ജീവിതശൈലി രോഗം അല്ലാത്തത് ഏത് ?
(A) രക്തസമ്മർദ്ദം (B) കോളസ്ട്രോൾ
(C) എയ്ഡ്സ് (D) പൊണ്ണത്തടി

49. കൊതുക് പരത്തുന്ന ഒരു രോഗമാണ് :
(A) കോളറ (B) മലേറിയ (C) വയറിളക്കം (D) അഞ്ചാംപനി

50. താഴെപ്പറയുന്ന മനഃശാസ്ത്രജ്ഞരിൽ ബുദ്ധി സൈദ്ധാന്തികൻ അല്ലാത്തത് ആര് :
(A) സ്കിന്നർ (B) ആൽഫ്രഡ് ബിനെ
(C) സ്പിയർമാൻ (D) തേഴ്സ്റ്റൺ

51. മഴവില്ലിലെ ഏഴുനിറങ്ങളിൽ തരംഗദൈർഘ്യം കൂടുതലും വിസരണം കുറഞ്ഞതുമായ നിറമേത് ?
(A) വയലറ്റ് (B) നീല (C) ചുവപ്പ് (D) മഞ്ഞ

52. താഴെപ്പറയുന്നവയിൽ കുട്ടിയുടെ മാനസികാവശ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
(A) അംഗീകാരം (B) സ്നേഹം (C) സുരക്ഷിതത്വം (D) അലസത

53. കുട്ടികളിൽ കാണുന്ന ഒരു ഭാഷാ വൈകല്യമാണ് :
(A) ലജ്ജ (B) കൊഞ്ഞ (C) അനുകരണം (D) അപകർഷത

**54.** സത്യസന്ധത, ദയ, ധാർമ്മിക മൂല്യങ്ങൾ എന്നിവ കുട്ടികളിൽ വളർത്തുമ്പോൾ അവരിൽ ഏത് വികാസമുണ്ടാകുന്നു ?

(A) ശാരീരികവികാസം (B) ഭാഷാ വികാസം

(C) നൈതിക വികാസം (D) ചാലകവികാസം

**55.** പ്രീ-സ്കൂൾ കുഞ്ഞിന്റെ മാനസികോല്ലാസത്തിന് സ്കൂളുകളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടത് :

(A) ബെഞ്ച് (B) കളികൾക്കുള്ള പാർക്ക്

(C) പഠനോപകരണം (D) ബ്ളാക്ക് ബോർഡ്

**56.** പ്രീ-സ്കൂൾ കുഞ്ഞിന്റെ ഭാഷാ വികാസത്തിന് നൽകാറുള്ള ഒരു പഠന പ്രവർത്തനമാണ് :

(A) വ്യായാമം (B) വിശ്രമം (C) കഥപറച്ചിൽ (D) ഉറക്കം

**57.** ശിശു വികാസത്തെ പാരമ്പര്യവും പര്യാവരണവും സ്വാധീനിക്കുന്നുണ്ടല്ലോ ? ശിശുവികാസത്തെ പാരമ്പര്യമായി സ്വാധീനിക്കുന്ന ഒരു ഘടകമാണ് :

(A) ശരീരത്തിന്റെ ഉയരം (B) സംസ്കാരം

(C) പോഷകാഹാരം (D) മനോഭാവം

**58.** ശൈശവവിവാഹം, സതി തുടങ്ങിയ നീചമായ ആചാരങ്ങളെ നിരോധിച്ച ഇന്ത്യയിലെ മത സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിൽ പ്രമുഖനായ തത്വചിന്തകനാര് ?

(A) രാജാറാം മോഹൻറോയി (B) രവിശങ്കർ

(C) ശ്രീബുദ്ധൻ (D) അരവിന്ദ് ഘോഷ്

**59.** താഴെപ്പറയുന്നവയിൽ അനൗപചാരിക വയോജന വിദ്യാഭ്യാസ പരിപാടികളുടെ നടത്തിപ്പിനും വയോജനങ്ങൾക്കിടയിൽ സാക്ഷരതാ പരിപാടികൾക്കും വേണ്ടിയുള്ള സംഘടനയാണ് :

(A) SCERT (B) DIET (C) KANFED (D) NCERT

**60.** ജനസംഖ്യ ഏറ്റവും കൂടുതലുള്ള കേരളത്തിലെ ജില്ല ഏത് ?

(A) മലപ്പുറം (B) കോട്ടയം (C) പത്തനംതിട്ട (D) തിരുവനന്തപുരം

**61.** കുഞ്ഞുങ്ങളുടെ വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന അങ്കണ വാടികൾ ഏത് വകുപ്പിനുകീഴിലാണ് പ്രവർത്തിക്കുന്നത് ?

(A) പൊതുവിദ്യാഭ്യാസവകുപ്പ് (B) സാമൂഹ്യനീതിവകുപ്പ്

(C) തൊഴിൽവകുപ്പ് (D) സാംസ്കാരിക വകുപ്പ്

62. താഴെപ്പറയുന്നവയിൽ ശിശു പാഠ്യപദ്ധതി രൂപീകരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉൾപ്പെടാത്തത് ഏത് ?
   (A) ശിശുവിന്റെ പ്രകൃതം പരിഗണിക്കണം
   (B) പ്രവർത്തനാധിഷ്ഠിതമാകണം
   (C) ഉദ്ഗ്രഥന സ്വഭാവമുള്ളതാവണം
   (D) വിഷയവുമായി ബന്ധപ്പെട്ട വസ്തുതകൾക്കും തത്വങ്ങൾക്കും ഊന്നൽ നൽകണം

63. കേരളത്തിലെ പ്രഥമ ഗോത്രവർഗ്ഗ പഞ്ചായത്തായ 'ഇടമലക്കുടി' സ്ഥിതി ചെയ്യുന്ന ജില്ല ഏത് ?
   (A) ഇടുക്കി (B) കൊല്ലം (C) ആലപ്പുഴ (D) പാലക്കാട്

64. ഒരു പ്രീ-സ്കൂൾ അധ്യാപികയും ആയയും നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതും പഠിക്കേണ്ടതുമായ വസ്തുതകൾ താഴെപ്പറയുന്നവയിൽ ഏതെല്ലാമാണ് ?
   (A) പോഷകാഹാരം (B) പ്രതിരോധകുത്തിവെയ്പ്പ്
   (C) പ്രാഥമിക ശുശ്രൂഷ (D) ഇവ എല്ലാം

65. എഡ്യൂസാറ്റ് സൗകര്യങ്ങൾ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ എത്തിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് :
   (A) INSAT (B) VICTERS (C) SSA (D) SRG

66. ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്ന മഹാൻ :
   (A) ഡോ. രാധാകൃഷ്ണൻ (B) ഡോ. സക്കീർഹുസൈൻ
   (C) ഡോ. B.R. അംബേദ്കർ (D) ഡോ. രാജേന്ദ്രപ്രസാദ്

67. കേരള സംസ്ഥാനം രൂപീകൃതമായ വർഷം :
   (A) 1947 (B) 1956 (C) 1950 (D) 1951

68. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ ക്ഷേമത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു അന്താരാഷ്ട്ര ഏജൻസിയാണ് :
   (A) UNO (B) DPEP (C) UNICEF (D) WHO

69. നവോത്ഥാന പ്രസ്ഥാനമായ ആര്യസമാജം സ്ഥാപിച്ചത് ആര് ?
   (A) കേശവചന്ദ്രസേനൻ (B) ദേവേന്ദ്രനാഥ ടാഗോർ
   (C) സ്വാമി വിവേകാനന്ദൻ (D) സ്വാമി ദയാനന്ദസരസ്വതി

70. 'Education of man' എന്ന പ്രശസ്തമായ ഗ്രന്ഥം രചിച്ച വിദ്യാഭ്യാസ ചിന്തകൻ :
   (A) ഫ്രോബൽ (B) റൂസ്സോ (C) ജോൺഡ്യൂയി (D) മാർഗരറ്റ്

71. കുട്ടികളിൽ കാണുന്ന ഒരു പെരുമാറ്റ വൈകൃതമാണ് :
(A) വിരൽകുടി (B) തലവേദന (C) പഠനസമ്മർദ്ദം (D) വയറുവേദന

72. മംപ്സ് എന്ന വൈറസ് ഉമിനീർഗ്രന്ഥികൾക്ക് ഉണ്ടാക്കുന്ന രോഗത്തിന്റെ പേര് :
(A) ചിക്കൻപോക്സ് (B) അഞ്ചാംപനി
(C) ജലദോഷപ്പനി (D) മുണ്ടിനീര്

73. ഒരു ഇന്ത്യൻ കുഞ്ഞിന് ജനനസമയത്ത് ഉണ്ടായിരിക്കേണ്ട ശരാശരി തൂക്കം എത്ര കിലോഗ്രാമാണ് ?
(A) 2 കിലോഗ്രാം (B) 4 കിലോഗ്രാം (C) 3 കിലോഗ്രാം (D) 2.5 കിലോഗ്രാം

74. കുഞ്ഞിന്റെ 'വൈജ്ഞാനികമേഖല' വികാസം പ്രാപിക്കുന്നതിനുവേണ്ടി നൽകാവുന്ന ഏറ്റവും ഉചിതമായ ക്ലാസ്സ്റൂം പ്രവർത്തനം ഏത് ?
(A) പാട്ടുപാടൽ (B) അഭിനയഗാനം
(C) കളിപ്പാട്ടം (D) വസ്തുക്കൾ തരംതിരിക്കൽ

75. ശിശുവിന്റെ ജനനശേഷം ശരീരത്തിലെ ഏത് പേശികളാണ് ആദ്യം വികാസം പ്രാപിക്കുന്നത് ?
(A) കഴുത്ത് (B) വയർ (C) കൈയ്യ് (D) പാദം

76. ഹൈപ്പോതൈറോയ്ഡിസം എന്ന രോഗാവസ്ഥ ശരീരത്തിൽ ഏത് മൂലകത്തിന്റെ കുറവ് മൂലമാണ് ഉണ്ടാകുന്നത് ?
(A) സോഡിയം (B) അയഡിൻ (C) പൊട്ടാസ്യം (D) കാർബൺ

77. 'സ്വത്വ സാക്ഷാത്കരണം' ആണ് ഓരോ വ്യക്തിയുടെയും അന്തിമമായ അഭിപ്രേരണ ആകേണ്ടത് എന്ന് അഭിപ്രായപ്പെട്ട മനഃശാസ്ത്രജ്ഞൻ :
(A) തേഴ്സ്റ്റൺ (B) സ്പിയർമാൻ
(C) അബ്രഹാം മാസ്ലോ (D) ജോൺലോക്ക്

78. പ്രീ-സ്കൂളുകളിൽ കളിരീതിയാണ് ബോധനരീതിയായി നടപ്പാക്കേണ്ടതെന്നും കളികൾക്ക് കൂടുതൽ പ്രാധാന്യം നൽകിയതുമായ ദാർശനികൻ, വിദ്യാലയത്തെ ഉപമിച്ചത് :
(A) ജലാശയം (B) പൂന്തോട്ടം (C) മഴവില്ല് (D) വീട്

79. താഴെപ്പറയുന്ന വ്യക്തിത്വ നിർണ്ണയ സവിശേഷതകളിൽ ആൽപ്പോർട്ട് എന്ന മനഃശാസ്ത്രജ്ഞന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത് ?
(A) പ്രഭവസവിശേഷത (B) ദ്വിതീയ സവിശേഷത
(C) കേന്ദ്ര സവിശേഷത (D) മുഖ്യ സവിശേഷത

80. മാനവികതാവാദിയായ കാൾ റോജേഴ്സിന്റെ അഭിപ്രായത്തിൽ പഠന പ്രക്രിയയിൽ മുഖ്യസ്ഥാനം നൽകേണ്ടത് ആർക്കാണ് ?

(A) പഠനപ്രക്രിയ (B) അധ്യാപകൻ (C) പഠിതാവ് (D) പഠന അന്തരീക്ഷം

81. വനമേഖലകളിൽ നിന്നും ആദിവാസിമേഖലകളിൽ നിന്നും കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 2013-ൽ ആരംഭിച്ച പദ്ധതിയുടെ പേര് :

(A) ശാലാസിദ്ധി (B) വിമുക്തി (C) ഗോത്രസാരഥി (D) ആർദ്രം

82. സാധാരണ കുട്ടികളിൽ കാണപ്പെടുന്ന ഒരു 'പഠന വൈകല്യ'മായി അറിയപ്പെടുന്നത് :

(A) ഡിലെക്സിയ (B) ഡിഫ്റ്റീരിയ (C) ഡിസെന്ററി (D) ഓട്ടിസം

83. താഴെപ്പറയുന്നവയിൽ സിഗ്മണ്ട് ഫ്രോയ്ഡിന്റെ മനസ്സിനെക്കുറിച്ചുള്ള പഠനത്തിൽ 'മനസ്സിന്റെ അറകൾ' എന്നതിൽ ഉൾപ്പെടാത്തത് ഏത് ?

(A) ഇദ്ദ് (B) ഈഗോ (C) പ്ലീഹ (D) സൂപ്പർ ഈഗോ

84. 2017-ലെ ലോകാരോഗ്യദിനത്തിന്റെ വിഷയമായി തെരഞ്ഞെടുത്ത സന്ദേശം ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) സമ്പൂർണ്ണ സാക്ഷരത (B) ക്ഷയരോഗ നിർമാർജ്ജനം
(C) വിഷാദം- സംസാരിക്കൂ (D) പോളിയോ നിർമാർജ്ജനം

85. ഡാനിയേൽ ഗോൾമാൻ എന്ന മനഃശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ജീവിത വിജയത്തിന്റെ 80% ആശ്രയിച്ചിരിക്കുന്നത് ഒരു വ്യക്തിയുടെ ഏത് തരം ബുദ്ധി ആണ് ?

(A) ശാരീരികവും സംഗീതപരവുമായ ബുദ്ധി
(B) വൈജ്ഞാനിക ബുദ്ധി
(C) കായിക ബുദ്ധി
(D) വൈകാരിക ബുദ്ധിയും ആത്മാവബോധവും

86. പ്രീ-പ്രൈമറി പാഠ്യ പദ്ധതിയിൽ താഴെപ്പറയുന്ന ഏത് പാഠ്യപദ്ധതിയാണ് മനഃശാസ്ത്രജ്ഞർ പരിഗണിക്കാത്തത് ?

(A) വിഷയ കേന്ദ്രീകൃത പാഠ്യപദ്ധതി (B) ശിശു കേന്ദ്രീകൃത പാഠ്യപദ്ധതി
(C) അനുഭവാധിഷ്ഠിത പാഠ്യപദ്ധതി (D) ഉദ്ഗ്രഥിത പാഠ്യപദ്ധതി

87. ഐക്യരാഷ്ട്രസഭ 1989-ൽ പുറപ്പെടുവിച്ച കുട്ടികളുടെ അവകാശങ്ങളിൽ ഉൾപ്പെടാത്ത അവകാശം ഏത് ?

(A) സ്നേഹവും പരിലാളനയും (B) വിവേചനം
(C) സംരക്ഷണം (D) ദുരന്തങ്ങളിൽ മുൻഗണന

88. ശിശുദിനമായി ആഘോഷിക്കുന്ന ദിവസം ഏത് ?
(A) നവംബർ 4 (B) ഒക്ടോബർ 10 (C) ഡിസംബർ 1 (D) നവംബർ 14

89. ശാസ്ത്രജ്ഞരിൽ ബഹുമുഖബുദ്ധിയുടെ ഏത് ഘടകമാണ് കൂടുതലായി കാണപ്പെടുന്നത് ?
(A) ശാരീരിക ബുദ്ധി (B) സംഗീതപരബുദ്ധി
(C) ഭാഷാപര ബുദ്ധി (D) യുക്തി ഗണിതപരബുദ്ധി

90. 10 വയസ്സ് പ്രായമുള്ള ഒരു കുട്ടിയുടെ മാനസികവയസ്സ് 14 ആണെങ്കിൽ അവന്റെ ഐ.ക്യു (ബുദ്ധിമാനം) എത്ര ?
(A) 140 (B) 145 (C) 162 (D) 100

91. 2017-ൽ ഉപരാഷ്ട്രപതി കേരളത്തിൽ ഉത്ഘാടനം നിർവ്വഹിച്ച ഭിന്നശേഷിക്കാർക്കുള്ള പദ്ധതിയുടെ പേരെന്ത് ?
(A) കാരുണ്യ (B) ആശ്രയ (C) അനുയാത്ര (D) അഹല്യ

92. ലോകാരോഗ്യദിനമായി ആചരിക്കുന്ന ദിനം :
(A) മാർച്ച് 8 (B) ഏപ്രിൽ 7 (C) മെയ് 15 (D) ജൂലൈ 11

93. 2002 മുതൽ ജൂൺ 12 ഐക്യരാഷ്ട്ര സഭ ഏത് ദിനമായി ആചരിക്കുന്നു ?
(A) ലോക ബാലവേല വിരുദ്ധ ദിനം (B) വനിതാദിനം
(C) നാവിക ദിനം (D) തൊഴിലാളി ദിനം

94. ഇന്ധനമായി റോക്കറ്റുകളിൽ ഉപയോഗിക്കാവുന്നതും കത്തുന്നതുമായ ഒരു വാതകമാണ് :
(A) സോഡിയം (B) ക്ലോറിൻ (C) ഹൈഡ്രജൻ (D) ഓക്സിജൻ

95. താഴെപ്പറയുന്നവയിൽ ഏതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിൽ ഉൾപ്പെടാത്തത് ?
(A) വിജ്ഞാനസമ്പാദനം (B) ധനസമ്പാദനം
(C) സ്വഭാവരുപീകരണം (D) സമഗ്രവികസനം

96. കാൾ റോജേഴ്സ് എന്ന മനഃശാസ്ത്രജ്ഞൻ വ്യക്തിത്വത്തെ വിശേഷിപ്പിച്ചത് എങ്ങനെ ?
(A) വ്യക്തിത്വം മാറ്റാൻ സാധിക്കില്ല
(B) വ്യക്തിത്വം ചലനാത്മകമാണ്
(C) വ്യക്തിത്വം പരിശീലിപ്പിക്കുന്നതാണ്
(D) വ്യക്തിത്വം വസ്ത്രധാരണ രീതിയെ ആശ്രയിക്കുന്നു

97. എല്ലാ ജീവികളുടെയും വ്യവഹാരങ്ങളെപ്പറ്റി പഠിക്കാൻ സാധിക്കുന്ന മനഃശാസ്ത്ര പഠന രീതിയാണ് :

(A) നിരീക്ഷണം (B) അഭിമുഖം (C) ഉപാഖ്യാന രീതി (D) സർവ്വേ

98. ഉറൂബ് എന്ന അപര നാമത്തിൽ അറിയപ്പെട്ടിരുന്ന പ്രശസ്തനായ സാഹിത്യകാരൻ :

(A) ഒ. ചന്തുമേനോൻ (B) സി.വി. രാമൻപിള്ള

(C) ജോസഫ് മുണ്ടശ്ശേരി (D) പി.സി. കുട്ടികൃഷ്ണൻ

99. ക്ലാസ്സിൽ അശ്രദ്ധ, അടങ്ങി ഇരിക്കാതിരിക്കൽ, മറ്റുള്ളവരെ ഉപദ്രവം ഇത്യാദി കുട്ടികളിൽ കാണുന്ന സ്വഭാവ വൈകൃതങ്ങൾ അറിയപ്പെടുന്നത് :

(A) H.F.T. രോഗം (B) ADHD (C) വിഷാദ രോഗം (D) ഉത്കണ്ഠ

100. ഏത് സിനിമയിലെ അഭിനയത്തിനാണ് മലയാളിയായ സുരഭി ലക്ഷ്മിക്ക് ദേശീയ അവാർഡ് ലഭിച്ചത് ?

(A) വർഷം (B) മിന്നാമിനുങ്ങ് (C) പരിണയം (D) കസ്തൂരിമാൻ

- o 0 o -

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**